# കണ്ണൂർ സർവ്വകലാശാല

## (പരീക്ഷവിഭാഗം)

www.kannuruniversity.ac.in

No. EG I.2/PR/2025 കെ. യു എച്ച്ക്യൂ., തീയതി 01.12.2025

**പ്രസിദ്ധീകരണത്തിന്**

**ഹാൾ ടിക്കറ്റ്**

02/12/2025 തിയ്യതിയിൽ ആരംഭിക്കുന്ന നാലുവർഷ ബിരുദപ്രോഗ്രാമുകളുടെ ഒന്നാം സെമസ്റ്റർ (നവംബർ 2025) റഗുലർ/സപ്ലിമെന്ററി പരീക്ഷകളുടെ ഹാൾ ടിക്കറ്റ് 29/11/2025 തിയ്യതി മുതൽ വിദ്യാർത്ഥികൾക്ക് കെ-റീപ്പ് മൊബൈൽ ആപ്പിൽ നിന്നും ലഭ്യമാകുന്നതാണ്.

**ടൈം ടേബിൾ**

19.12.2025 ന് ആരംഭിക്കുന്ന, മഞ്ചേശ്വരം ക്യാമ്പസ്സിലെ ഒന്നാം സെമസ്റ്റർ ത്രിവത്സര എൽ എൽ ബി (റെഗുലർ / സപ്ലിമെന്ററി ) നവംബർ 2025 , പാലയാട് ക്യാമ്പസ്സിലെ ഒന്നാം സെമസ്റ്റർ ബി എ എൽ എൽ ബി (റെഗുലർ / സപ്ലിമെന്ററി ) നവംബർ 2025 പരീക്ഷകളുടെ ടൈം ടേബിൾ സർവകലാശാല വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു

**പരീക്ഷാഫലം**

ഒന്നാം സെമസ്റ്റർ പി ജി ഡിപ്ലോമ ഇൻ ലേണിംഗ് ഡിസബിലിറ്റി (പി ജി ഡി എൽ ഡി - റെഗുലർ / സപ്ലിമെന്ററി), നവംബർ 2024 പരീക്ഷാഫലം സർവകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

പുനർമൂല്യനിർണയം / സൂക്ഷ്മപരിശോധന / ഫോട്ടോകോപ്പി എന്നിവയ്ക്ക് അപേക്ഷിക്കാനുള്ള അവസാന തീയ്യതി 11/ 12 /2025 , 5 P M .

**പരീക്ഷകൾ മാറ്റി**

സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷന്റെ നിർദ്ദേശത്തെ തുടർന്ന് , ഡിസംബർ 5 ന് നടത്താനിരുന്ന അഫിലിയേറ്റഡ് കോളേജുകളിലെ ബിരുദാനന്തര ബിരുദ പരീക്ഷകൾ 22 .12 .2025 നും ഡിസംബർ 6 ന് നടത്താനിരുന്ന ബിരുദ പരീക്ഷകൾ 19 .12 .2025 നും നടക്കുന്ന വിധം പുനഃ ക്രമീകരിച്ചു . മറ്റ് പരീക്ഷകൾക്ക് മാറ്റമില്ല

ഒപ്പ്/-

അസിസ്റ്റന്റ് രജിസ്ട്രാർ I

പരീക്ഷാ വിഭാഗം